File No.EWB2/139/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്ക് (CMLRRP) കീഴിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിന് തുക അനുവദിക്കൽ - മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

G.O.(Rt) No.2337/2020/LSGD തീയതി,തിരുവനന്തപുരം, 18/12/2020

പരാമർശം:- 1 09/01/2020 ലെ സ.ഉ(കൈ) നമ്പർ: 13/2020/തസ്വഭവ.

2 04/05/2020 ലെ സ.ഉ(സാധാ) നമ്പർ: 1683/2020/റവ.

3 30/09/2020 ലെ സ.ഉ(സാധാ) നമ്പർ: 2983/2020/റവ

<u>ഉത്തരവ്</u>

2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (CMLRRP) എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് രൂപം നൽകുകയും, പരാമർശം (1) പ്രകാരം 961.264 കോടി രൂപാ ഇതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (CMDRF) നിന്ന് വകയിരുത്തുകയും ചെയ്തിരുന്നു.

ഇതേ തുടർന്ന് പൂർത്തീകരിച്ച പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി CMDRF-ൽ നിന്നും തുക അനുവദിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരം റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ നടപടിക്രമങ്ങൾ വർക്ക് ബില്ലുകൾ മാറി നൽകുന്നതിന് കാലതാമസമുണ്ടാക്കുമെന്ന വിലയിരുത്തലിനെ തുടർന്ന് ടി ഉത്തരവിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇതു പ്രകാരം CMLRRPയ്ക്ക് കീഴിലെ പ്രവൃത്തികൾക്ക് തുക അനുവദി ക്കുന്നതിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ തുക അനുവദിക്കുന്ന മാതൃക സ്വീകരിക്കാവു ന്നതാണെന്നും അതിനനുസൃതമായി CMDRF-ൽ നിന്നും തുക അനുവദിയ്ക്കാവുന്ന താണെന്നും നിഷ്കർഷിച്ചിരുന്നു.

ടി ഉത്തരവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാതൃകയിൽ പണമനുവദിക്കാ മെന്ന് പൊതുവായി നിഷ്കർഷിച്ചിരുന്നെങ്കിലും ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് വിശദീകരിച്ചിരുന്നില്ല.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. CMLRRPയ്ക്ക് കീഴിലെ പ്രവൃത്തികൾക്ക് പണമനുവദിയ്ക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തു ന്നതിനും കൃത്യമായ ഫണ്ട് ലഭ്യതയ്ക്കും അത്യന്താപേക്ഷിതമായതിനാൽ CMLRRPയ്ക്ക് കീഴിലെ പ്രവൃത്തികൾക്ക് പണമനുവദിയ്ക്കുന്നതിലേക്ക് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ തുക അനുവദിക്കുന്ന രീതി തുടരും.

2) പദ്ധതിയ്ക്ക് കീഴിലെ 20% പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്

എൻജിനീയർക്ക് CMDRF-ൽ നിന്നും 100 കോടി രൂപാ വരെ സ്റ്റാർട്ട് അപ്പ് അഡ്വാൻസിന് അപേക്ഷിക്കാൻ സാധിക്കുന്നതും ആയത് ചീഫ് എൻജിനീയറുടെ പേരിൽ ഇതിനായി ആരംഭിച്ചിട്ടുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

3) ഇപ്രകാരം അനുവദിച്ചിട്ടുള്ള തുകയുടെ 50% വിനിയോഗിച്ചതിനു ശേഷം ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവഴിച്ച തുക വീണ്ടും ആവശ്യപ്പെടാവുന്നതാണ്.

4) പദ്ധതി പുരോഗതിയ്ക്കനുസരിച്ച് ഇപ്രകാരം വിവിധ ഘട്ടങ്ങളിലായി CMDRF-ൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് 800 കോടി രൂപാവരെ സ്റ്റാർട്ട് അപ്പ് അഡ്വാൻസ് അനുവദിച്ചു നൽകാവുന്നതാണ്.

5) അവശേഷിക്കുന്ന പ്രവൃത്തികൾക്കായി, അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്.

6) CMLRRPയ്ക്ക് കീഴിലെ പ്രവൃത്തികളുടെ ഫയലുകൾ, ബിൽ/വൗച്ചറുകൾ എന്നിവ ഓഡിറ്റ് ചെയ്യുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ്

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)

ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡിആർഎഫ്) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

(3)



ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ